മൃഗസംരക്ഷണ വകുപ്പ് വാങ്ങുന്ന മരുന്ന്

*282 [422] ശ്രീ. എ. വി. അബ്ദു റഹിമാൻ ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രോഗ വിമുക്തമേഖലാപദ്ധതിയനുസരിച്ചു മൃഗങ്ങളുടെ കുളമ്പുരോഗത്തിന് കേന്ദ്രഗവൺമെന്റ് നിയന്ത്രണത്തിലുള്ള നാഷണൽ ഡയറി ഡവലപ്പ്മെന്റ് ബോർഡ് ഉൽപ്പാദിപ്പിക്കുന്ന വാക്സിൻ വാങ്ങാതെ മൃഗ സംരക്ഷണവകുപ്പ് കൂടുതൽ വിലയുള്ള വാക്സിൻ പ്രൈവറ്റ് കമ്പനിയിൽ നിന്നു വാങ്ങുന്നുണ്ടോ ; എങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കാമോ ;

(ബി) മൃഗസംരക്ഷണ വകുപ്പ് എല്ലാ മരുന്നുകളും സഹകാര്യ കമ്പനിയിൽനിന്നും വാങ്ങുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ) :

(എ) കുളമ്പു രോഗപ്രതിരോധത്തിനുള്ള മരുന്ന് (വാക്സിൻ) സഹകാര്യ കമ്പനികളിൽനിന്നും വാങ്ങുന്നുണ്ട്. ഇപ്രകാരം സഹകാര്യ മേഖലയിൽനിന്നും വാങ്ങുന്ന വാക്സിന് നാഷണൽ ഡയറി ഡവലപ്പ്മെന്റ് ബോർഡ് ഉൽപ്പാദിപ്പിക്കുന്ന വാക്സിനെക്കാൾ വിലകൂടുതലാണ്. എന്നാൽ സഹകാര്യ കമ്പനിയിൽനിന്നു മാത്രം ആവശ്യാനുസരണം ഡിപ്പാർട്ടുമെന്റിന്റെ വിവിധ സ്ഥാപനങ്ങളിലേക്ക് നേരിട്ടു എത്തിച്ചുകൊടുക്കുന്നതുകൊണ്ടും ആവശ്യാനുസരണം ഉപയോഗിക്കുന്നതിന് സൗകര്യപ്രദമായ അളവിൽ ലഭ്യമാക്കുന്നതുകൊണ്ടും ആവശ്യത്തിലധികം വരുന്ന വാക്സിൻ കേടുകൂടാതെ സൂക്ഷിക്കുന്നതിന് ഡിപ്പാർട്ടുമെന്റിന്റെ യൂണിറ്റാഫീസുകളിൽ ഇപ്പോൾ സൗകര്യങ്ങൾ ഇല്ലാത്തതുകൊണ്ടുമാണ് സഹകാര്യമേഖലയിൽ നിന്നും വാക്സിൻ വാങ്ങുന്നത്.

(ബി) മൃഗസംരക്ഷണ വകുപ്പിലേക്ക് ആവശ്യമായ മരുന്നുകൾ സ്റ്റോറ്സ് പർചേസ് ചട്ടങ്ങൾക്ക് വിധേയമായി മാത്രമാണ് വാങ്ങാറുള്ളത്. സഹകാര്യ കമ്പനികൾക്ക് പ്രത്യേക പരിഗണന നൽകാറില്ല.

വ്യവസായങ്ങൾക്കു നൽകുന്ന വൈദ്യുതി നിരക്ക്

*283 [423] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൻകിട വ്യവസായങ്ങൾക്കും ചെറുകിട വ്യവസായങ്ങൾക്കും ഏതു നിരക്കിലാണിപ്പോൾ വൈദ്യുതി നൽകുന്നത് ;

(ബി) ഈ വ്യവസായങ്ങൾക്ക് നൽകുന്ന വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഏതു വിധത്തിൽ ;

(ഡി) ഇതുമൂലം ഒരു വർഷത്തിൽ ബോർഡിനുണ്ടാകുന്ന അധിക വരുമാനം എത്രയാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഒരു യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ ബോർഡിന് വരുന്ന ചെലവ് എത്രയാണ്?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള):

(എ) വ്യവസായങ്ങൾക്കുള്ള വൈദ്യുതി നിരക്കുകൾ ഇപ്രകാരമാണ് :

(1) ലോ ടെൻഷൻ

ഫിക്സഡ് ചാർജ് :—കണക്ടഡ് ലോഡ് കിലോ വാട്ടിന് പ്രതിമാസം 8 രൂപ.

കൂടാതെ

എൻർജി ചാർജ് :—യൂണിറ്റൊന്നിന് 17 പൈസ.

(2) ഹൈ ടെൻഷൻ (11 കെ. വി.)

ഡിമാൻഡ് ചാർജ് :—ബില്ലിംഗ് ഡിമാൻഡ് കെ. വി. എ. ഒന്നിന് പ്രതിമാസം 45 രൂപ.

കൂടാതെ

എനർജി ചാർജ് :—(1) ആദ്യത്തെ 250 യൂണിറ്റ് കെ.വി.എ./ ബില്ലിംഗ് ഡിമാൻഡ്/ മാസം യൂണിറ്റൊന്നിന് 12 പൈസ.

(2) അടുത്ത 250 യൂണിറ്റ്/ കെ. വി. എ./ ബില്ലിംഗ് ഡിമാൻഡ് മാസം, യൂണിറ്റ് ഒന്നിന 11 പൈസ.

(3) ബാക്കി യൂണിറ്റിന് യൂണിറ്റ് ഒന്നിന് 10 പൈസ.

(3) ഇ എച്ച്. റ്റി.

(1) 110 കെ. വി.

ഡിമാൻഡ് ചാർജ് :—ബില്ലിംഗ് ഡിമാൻഡ് കെ. വി. എ. ഒന്നിന് പ്രതിമാസം 37 രൂപ.

കൂടാതെ

എനർജി ചാർജ് :—(1) ആദ്യത്തെ 250 യൂണിറ്റ്/ കെ. വി. എ./ ബില്ലിംഗ് ഡിമാൻഡ് മാസം യൂണിറ്റ് ഒന്നിന് 10 പൈസ.

(2) ബാക്കി യൂണിറ്റിന് യൂണിറ്റൊന്നിന് 9 പൈസ.

(2) 66 കെ. വി.

ഡിമാൻഡ് ചാർജ് :—ബില്ലിംഗ് ഡിമാൻഡ്/ കെ. വി. എ. ഒന്നിന് പ്രതിമാസം 62 രൂപ.

LIBRARY ARCHIVES Kerala Legislative Assembly

കൂടാതെ

എനർജി ചാർജ് :—(1) ആദ്യത്തെ 350 യൂണിറ്റ്/ കെ. വി. എ./ ബില്ലിംഗ് ഡിമാൻഡ് മാസം യൂണിറ്റൊന്നിന് 10 പൈസ.

(2) ബാക്കി യൂണിറ്റിനു് യൂണിറ്റൊന്നിന് 8 പൈസ.

(ബി, സി, ഡി) പാർലമെൻറ് പാസ്സാക്കിയ ഇലക്ട്രിസിറ്റി സപ്ലൈ നിയമത്തിലെ ഭേദഗതി അനുസരിച്ച് സ്ഥിര ആസ്തിയുടെ മൂന്നു ശതമാനമെങ്കിലും ലാഭം ബോർഡുകൾ കൈവരിക്കേണ്ടതായിട്ടുണ്ട്. അത് സാധിക്കുവാനായി വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കണമെന്ന ബോർഡിന്റെ നിർദ്ദേശം ഗവൺമെൻറ് പരിശോധിച്ചുവരുന്നു.

(ഇ) 1984-85-ലെ കണക്കനുസരിച്ച് ജനറേറ്റിംഗ് സ്റ്റേഷനിലെ മാത്രം ഉൽപാദനച്ചെലവ് യൂണിറ്റൊന്നിന് 6.26 പൈസയാണ്. എന്നാൽ വൈദ്യുതി ഉപഭോക്താവിന്റെ പരിസരത്ത് എത്തുമ്പോഴേക്കും ചെലവ് 67 പൈസവരെ ആകുന്നു.

കേരള കാർഷികോൽപ്പന്ന വിപണന പദ്ധതികൾ

* 284 [424] ശ്രീ. സി. വാസുദേവമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ ബഡ്ജറ്റിൽ നിർദ്ദേശിച്ചിരുന്ന കേരള കാർഷികോൽപ്പന്ന വിപണന പദ്ധതി ആരംഭിച്ചുകഴിഞ്ഞിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ കാരണമെന്ത് ;

(സി) ഇതിൽ എത്രകോടി രൂപയുടെ മുതൽമുടക്കാണ് ഉദ്ദേശിക്കുന്നത് ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ):

(എ)യും (ബി)യും ലോകബാങ്കിന്റെ സാമ്പത്തികസഹായത്തോടെ നടപ്പാക്കാൻ ഉദ്ദേശിച്ചു തയ്യാറാക്കിയ ഈ പദ്ധതി, സംസ്ഥാന ഗവൺമെൻറ് കേന്ദ്ര ഗവൺമെൻറിനു് സമർപ്പിക്കുകയും കേന്ദ്ര ഗവൺമെൻറ് അത് ലോകബാങ്കിനു് നൽകുകയും ചെയ്തുവെങ്കിലും ഇതേവരെ അനുമതി കിട്ടാത്തതുകൊണ്ട് പദ്ധതി തുടങ്ങാൻ കഴിഞ്ഞിട്ടില്ല.

(സി) 185.66 കോടി രൂപ.

ലാൻറ് യൂട്ടിലൈസേഷൻ നിയമം

* 285 [425] ശ്രീ. കെ. പി. രാമൻ :
,, എ വി. അബ ദു റഹിമാൻ ഹാജി :
,, എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ :
,, സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലാൻറ് യൂട്ടിലൈസേഷൻ നിയമത്തിൽ എന്തെങ്കിലും ഭേദഗതി വരുത്താൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly